**മധുരമായ കുട്ടികളേ – പകൽ സമയത്ത് ശരീരനിർവ്വഹണാർത്ഥം കർമ്മം ചെയ്യൂ, രാത്രിയിൽ ഇരുന്ന് ജ്ഞാനത്തിന്റെ മനനം ചെയ്യു, ബാബയെ ഓർമ്മിക്കൂ, ബുദ്ധിയിൽ സ്വദർശന ചക്രത്തെ കറക്കു എങ്കിൽ ലഹരി ഉയരും.**

**ചോദ്യം:–** മായ ഏതു കുട്ടികളേയാണ് ഓർമ്മയിൽ ഇരിക്കാനേ അനുവദിക്കാത്തത്?
**ഉത്തരം:–** ആരുടെ ബുദ്ധിയാണോ എന്തെങ്കിലും കാര്യത്തിൽ കുടുങ്ങിയിരിക്കുന്നത്, അവരുടെ ബുദ്ധി പൂട്ടപ്പെട്ടിരിക്കും, പഠിപ്പ് നല്ലരീതിയിൽ പഠിക്കുന്നില്ല എങ്കിൽ അവരെ മായ ഓർമ്മയിൽ ഇരിക്കാൻ അനുവദിക്കില്ല. അവർക്ക് മന്മനാഭവയായിരിക്കാൻ സാധിക്കില്ല. പിന്നീട് സേവനകാര്യത്തിലും അവരുടെ ബുദ്ധി പ്രവർത്തിക്കില്ല. ശ്രീമതത്തിലൂടെ നടക്കാത്തതിനാൽ പേര് മോശമാക്കും. വഞ്ചിക്കുകയാണെങ്കിൽ ശിക്ഷകളും അനുഭവിക്കേണ്ടി വരും.

**ഗീതം:–** അങ്ങയെ വിളിക്കാനായി ജിവിക്കാനാഗ്രഹിക്കുന്നു......

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടോ. ഈശ്വരീയ പിതാവിനെത്തന്നെയാണ് വിളിക്കുന്നത്, കൃഷ്ണനെയല്ല. അച്ഛനോടാണ് പറയുന്നത്– വരൂ, വീണ്ടും കംസപുരിയെ മാറ്റി കൃഷ്ണപുരിയുണ്ടാക്കൂ. കൃഷ്ണനെ വിളിക്കില്ല. കൃഷ്ണപുരിയെ സ്വർഗ്ഗം എന്നാണ് പറയുന്നത്. ഇത് ആർക്കും അറിയില്ല എന്തുകൊണ്ടെന്നാൽ കൃഷ്ണനെ ദ്വാപരത്തിലേയ്ക്ക് കൊണ്ടുപോയി. ഈ തെറ്റുകളെല്ലാം ശാസ്ത്രങ്ങളിലൂടെയാണ് സംഭവിച്ചത്. ഇപ്പോൾ ബാബ യഥാർത്ഥ കാര്യം മനസ്സിലാക്കിത്തരുകയാണ്. വാസ്തവത്തിൽ ഇത് മുഴുവൻ ലോകത്തിന്റേയും വളരെ വലിയ ഈശ്വരീയ പിതാവാണ്. എല്ലാവർക്കും ആ ഒരാളെത്തന്നെയാണ് ഓർമ്മിക്കേണ്ടത്. മനുഷ്യർ ക്രിസ്തു, ബുദ്ധൻ അഥവാ ദേവതകൾ മുതലായവരെ ഓർമ്മിക്കുന്നു, ഓരോരുത്തരും അവരവരുടെ ധർമ്മസ്ഥാപകരെ ഓർമ്മിക്കുന്നു. ദ്വാപരം മുതലാണ് ഓർമ്മിക്കാൻ തുടങ്ങിയത്. ദുഃഖത്തിൽ എല്ലാവരും ഓർമ്മിക്കും എന്നാൽ സുഖത്തിൽ ആരും ഓർമ്മിക്കുന്നില്ല എന്ന് ഭാരതത്തിൽ പാടപ്പെട്ടിട്ടുണ്ട്. പിന്നീടാണ് ഓർമ്മിക്കുന്ന സമ്പ്രദായം ആരംഭിച്ചത് എന്തുകൊണ്ടെന്നാൽ ദുഃഖമാണ്. ആദ്യമാദ്യം ഭാരതവാസികളാണ് ഓർമ്മിക്കാൻ തുടങ്ങിയത്. ഇവരെക്കണ്ട് മറ്റു ധർമ്മത്തിലുള്ളവരും തന്റെ ധർമ്മസ്ഥാപകരെ ഓർമ്മിക്കാൻ തുടങ്ങി. ബാബയും ധർമ്മം സ്ഥാപകനാണ്. എന്നാൽ മനുഷ്യർ അച്ഛനെ മറന്ന് ശ്രീകൃഷ്ണന്റെ പേരിട്ടു. ലക്ഷ്മീ നാരായണന്റെ ധർമ്മത്തെക്കുറിച്ച് അവർക്ക് അറിയില്ല. ലക്ഷ്മീ നാരായണനേയോ കൃഷ്ണനേയോ അല്ല ഓർമ്മിക്കേണ്ടത്. ആദിസനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്ന ബാബയെയാണ് ഓർമ്മിക്കേണ്ടത്. പിന്നീട് എപ്പോഴാണോ ഭക്തിമാർഗ്ഗത്തിൽ ശിവന്റെ പൂജ ചെയ്യാൻ ആരംഭിച്ചത് അപ്പോഴാണ് ഗീതയുടെ ഭഗവാൻ കൃഷ്ണനാണ് എന്ന് കരുതാൻ തുടങ്ങിയത്. കൃഷ്ണനെ ഓർമ്മിക്കുന്നു. ഇവരെക്കണ്ട് അവരും തന്റെ ധർമ്മസ്ഥാപകരെ ഓർമ്മിക്കാൻ തുടങ്ങി. ഈ ദേവതാ ധർമ്മം ഭഗവാനാണ് സ്ഥാപിച്ചത് എന്ന് മറന്നുപോകുന്നു. നമുക്ക് എഴുതാൻ സാധിക്കും ഗീതയുടെ ഭഗവാൻ കൃഷ്ണനല്ല ശിവബാബയാണെന്ന്. ബാബ നിരാകാരനാണ്– ഇത് അത്ഭുതമല്ലേ. ആർക്കും ശിവബാബയെ പരിചയമില്ല. ബാബ സ്റ്റാറാണ്. എല്ലായിടത്തും ശിവബാബയുടെ ക്ഷേത്രങ്ങളുള്ളതിനാൽ ഇത്രയും വലുതും അഖണ്ഡജ്യോതിയുമാണെന്ന് കരുതുന്നു. പക്ഷേ ബാബ ആത്മാക്കൾ എവിടെയാണോ വസിക്കുന്നത് അതേ മഹാതത്വത്തിലാണ് വസിക്കുന്നത്. ആത്മാവിന്റെ രൂപം സ്റ്റാറാണ്, അതുപോലെ പരമാത്മാവും സ്റ്റാറാണ്. പക്ഷേ ബാബ ജ്ഞാനസാഗരമാണ്, ബീജരൂപമായതിനാൽ ബാബയിൽ ശക്തിയുണ്ട്. ആത്മാക്കളുടെ പിതാവ് (ബീജരൂപൻ) എന്ന് പരമാത്മാവിനെയാണ് പറയുക. ബാബ നിരാകാരനാണ്. മനുഷ്യനെ ജ്ഞാനസാഗരനെന്നോ സ്നേഹസാഗരനെന്നോ പറയാൻ കഴിയില്ല അതിനാൽ മനസ്സിലാക്കിക്കൊടുക്കുന്ന കുട്ടികൾക്ക് അഥോറിറ്റി ഉണ്ടായിരിക്കണം, ബുദ്ധി വിശാലമായിരിക്കണം. നിങ്ങളിൽ മുഖ്യം മമ്മയാണ്, വന്ദേമാതരം എന്നും പാടിയിട്ടുണ്ട്. കന്യകമാരിലൂടെ ബാണം എയ്തു. അഥർ കുമാരിമാർ, കന്യകയായ കുമാരിമാർ ഇവർ ആരെന്ന രഹസ്യം എവിടെയുമില്ല. കേവലം ക്ഷേത്രങ്ങളിലൂടെയാണ് സിദ്ധമാകുന്നത്. ജഗദംബയുമുണ്ട്. പക്ഷേ ലോകർ അറിയുന്നില്ല അവർ ആരാണെന്നത്?

അച്ഛൻ പറയുന്നു ഞാൻ ബ്രഹ്മാമുഖ കമലത്തിലൂടെ രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും രഹസ്യം പറഞ്ഞുതരുന്നു. ഡ്രാമയിൽ എന്താണുള്ളത് എന്നത് മനുഷ്യരുടെ ബുദ്ധിയിൽ വരണം. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. നമ്മൾ ഇതിലെ അഭിനേതാക്കളായതിനാൽ ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം ബുദ്ധിയിൽ ഉണ്ടായിരിക്കണം. ആരുടെ ബുദ്ധിയിലാണോ ഇത് ഉള്ളത്

അവർക്ക് വളരെനല്ല ലഹരിയുണ്ടാവും. മുഴുവൻ ദിവസവും ശരീരനിർവ്വഹണാർത്ഥം കാര്യങ്ങൾ ചെയ്തു, രാത്രിയിൽ ഇരുന്ന് മനനം ചെയ്യണം– ഈ ഡ്രാമയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്? ഇതുതന്നെയാണ് മന്മനാഭവ. പക്ഷേ മായ രാത്രിയിലും ഇരിക്കാൻ സമ്മതിക്കില്ല. അഭിനേതാക്കളുടെ ബുദ്ധിയിൽ നാടകത്തിന്റെ രഹസ്യം ഉണ്ടാവേണ്ടതല്ലേ. പക്ഷേ വളരെ ബുദ്ധിമുട്ടാണ്. എവിടെയെങ്കിലും കുടുങ്ങിയാൽ ബാബ ബുദ്ധിയെ പൂട്ടും. വളരെ വലിയ ലക്ഷ്യമാണ്. നന്നായി പഠിക്കുന്നവർ പിന്നീട് ശമ്പളവും കൂടുതൽ വാങ്ങാറില്ലേ. ഇത് പഠിപ്പാണ്. പക്ഷേ പുറത്ത് പോകുമ്പോൾ എല്ലാം മറക്കുന്നു പിന്നെ മന്മത്ത് അനുസരിച്ച് നടക്കുന്നു. അച്ഛൻ പറയുന്നു– മധുരമായ കുട്ടികളേ– ശ്രീമത്തിലൂടെ നടക്കുന്നതിലാണ് നിങ്ങളുടെ മംഗളം. ഇത് പതിതലോകമാണ്. വികാരങ്ങളെ വിഷം എന്നാണ് പറയുന്നത് ഇതിനെയാണ് സന്യാസിമാർ ത്യജിക്കുന്നത്. ഈ രാവണരാജ്യം ആരംഭിക്കുന്നത് ദ്വാപരം മുതലാണ്, ഈ വേദശാസ്ത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. സേവനകാര്യത്തിൽ കുട്ടികളുടെ ബുദ്ധി പ്രവർത്തിക്കണം. ശ്രീമത്തിലൂടെ നടക്കുകയാണെങ്കിൽ ധാരണയും ഉണ്ടാകും. കുട്ടികൾക്ക് അറിയാം വിനാശം മുന്നിൽ നിൽക്കുകയാണ്. എല്ലാവരും ദുഃഖികളായി വിളിക്കുകയാണ്, അല്ലയോ ഭഗവാനേ, ദയകാണിക്കൂ. രക്ഷിക്കൂ രക്ഷിക്കൂ എന്നു പറയുന്ന സമയത്ത് ഭഗവാനെ ഓർമ്മിക്കും. പാർട്ടീഷ്യൻ സമയത്ത് എത്ര ഓർമ്മിച്ചു, അല്ലയോ ഭഗവാനേ, ദയകാണിക്കൂ, രക്ഷിക്കൂ. ഇപ്പോൾ എന്ത് രക്ഷയാണ് ചെയ്യുക? രക്ഷിക്കുന്ന ആളെത്തന്നെ അറിയില്ലെങ്കിൽ പിന്നെങ്ങിനെ രക്ഷിക്കും? ഇപ്പോൾ ബാബ വന്നിരിക്കുകയാണ് പക്ഷേ ഇത് ആരുടേയെങ്കിലും ബുദ്ധിയിൽ ഇരിക്കുന്നത് കഠിനമാണ്. അച്ഛൻ മനസ്സിലാക്കിത്തരുന്നു ഇങ്ങനെ ഇങ്ങനെ സേവനം ചെയ്യൂ. അച്ഛന്റെ ശ്രീമതമാണ് ഈ ലഭിക്കുന്നത്. ഇങ്ങനെയുള്ള അച്ഛനെ തിരിച്ചറിയുന്നില്ല, ഇത് എന്തൊരത്ഭുതമാണ്! മുഴുവൻ ദിവസവും ശിവബാബയുടെ ഓർമ്മ ബുദ്ധിയിൽ ഉണ്ടാകണം. ബാബയുടെ രഥം ബാബയുടെ കൂട്ടുകാരനുമാണ്.

ബാബ കാണുകയാണ്– കുട്ടികൾ ഇന്ന് വളരെ നല്ല നിശ്ചയബുദ്ധികളാണ്, നാളെ സംശയബുദ്ധിയായിത്തീരുന്നു. മായയുടെ കൊടുങ്കാറ്റ് അടിക്കുമ്പോൾ അവസ്ഥയിൽ നിന്നും താഴെ വീഴുന്നു ഇതിൽ ബാബയ്ക്ക് എന്ത് ചെയ്യാൻ കഴിയും. നിങ്ങൾ ജ്ഞാനത്തിൽ വന്നു, സമർപ്പണമായി എങ്കിൽ നിങ്ങൾ ട്രസ്റ്റിയാണ്. നിങ്ങൾ എന്തിനാണ് വേവലാതിപ്പെടുന്നത്? സമർപ്പണമായി പിന്നീട് സേവനവും ചെയ്യണം എങ്കിൽ അതിന്റെ റിട്ടേൺ ലഭിക്കും. അഥവാ സമർപ്പണമായി സേവനം ചെയ്യുന്നില്ല എങ്കിലും കഴുപ്പിക്കണം, ആ പൈസയിൽ നിന്നും എടുത്ത് കഴിച്ച് കഴിച്ച് തീർക്കുന്നു, സേവനം ചെയ്യുന്നില്ല. നിങ്ങൾക്ക് മനുഷ്യനെ വജ്രമാക്കി മാറ്റുന്ന സേവനം ചെയ്യണം. മനുഷ്യനെ ഉയർന്നതാക്കി മാറ്റാൻ മുഖ്യമായും ബാബയുടെ ആത്മീയ സേവനം ചെയ്യണം. സേവനം ചെയ്യുന്നില്ലെങ്കിൽ പോയി ദാസദാസിയായിത്തീരും. ആരാണോ പഠിപ്പ് നല്ലരീതിയിൽ പഠിക്കുന്നത് അവർക്ക് അംഗീകാരവും ഉയർന്നത് ലഭിക്കും, തോറ്റുപോകുന്നവർ ചെന്ന് ദാസദാസിയാകും.

ബാബ പറയുന്നു– കുട്ടികളേ, എന്നെ ഓർമ്മിക്കു സമ്പത്ത് നേടു. ഇത്രയേയുള്ളു, ഈ മന്മനാഭവ എന്ന വാക്ക് വളരെ കൃത്യമാണ്. ജ്ഞാനസാഗരൻ പറയുകയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. ഇങ്ങനെ കൃഷ്ണന് പറയാൻ കഴിയില്ല, ബാബയാണ് പറയുന്നത് എന്നെയും ഭാവിയിലെ രാജ്യഭാഗ്യത്തേയും ഓർമ്മിക്കു. ഇത് രാജയോഗമല്ലേ. ഇതിലൂടെ പ്രവൃത്തീമാർഗ്ഗമാണെന്നത് സിദ്ധമാകുന്നു. ഇത് നിങ്ങൾക്കേ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കൂ. നിങ്ങളിലും സർവ്വീസബിളും തീക്ഷ്ണവുമായിട്ടുള്ളത് ആരാണോ അവരെ വിളിക്കുന്നു. മനസ്സിലാക്കാം ഇവർ സമർത്ഥനായ വഴികാട്ടിയാണ്. കുട്ടികൾക്ക് യോഗയുക്തമാകണം. അഥവാ ശ്രീമത്തിലൂടെ നടക്കുന്നില്ലായെങ്കിൽ പേരിനെ മോശമാക്കുന്നു. വഞ്ചിക്കുകയാണെങ്കിൽ പിന്നീട് ശിക്ഷകൾ അനുഭവിക്കേണ്ടിവരും. ട്രൈബ്യൂണലും ഇരിക്കുന്നുണ്ടാകും. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**രാത്രി ക്ലാസ്**

കുട്ടികൾ ആദ്യമാദ്യം അച്ഛനെ മനസ്സിലാക്കിക്കൊടുക്കണം. പരിധിയില്ലാത്ത അച്ഛനാണ് നമ്മളെ പഠിപ്പിക്കുന്നത്, ഗീത പഠിപ്പിക്കുന്നവർ കൃഷ്ണനാണ് ഭഗവാൻ എന്നു പറയുന്നു. അവർക്ക് മനസ്സിലാക്കിക്കൊടുക്കണം ഭഗവാൻ എന്ന് നിരാകാരനെയാണ് പറയുന്നത്. ദേഹധാരികൾ അനവധിയുണ്ട്. ദേഹമില്ലാതെ

ഒരാളെയുള്ളു. അവരാണ് ഉയർന്നതിലും ഉയർന്ന ശിവബാബ. ഇത് നല്ലരീയിൽ ബുദ്ധിയിൽ ഇരുത്തു. പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പാദ്യം ലഭിക്കുന്നു, അവരാണ് ഉയർന്നതിലും ഉയർന്ന നിരാകാരനായ പരമപിതാ പരമാത്മാവ്. അത് പരിധിയില്ലാത്ത അച്ഛനാണ് ഇത് പരിധിയുള്ള അച്ഛനും. മറ്റാരും 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് തരില്ല. ഒരിയ്ക്കലും നശിക്കാത്ത അമരനായ പദവി മറ്റൊരു അച്ഛനിൽ നിന്നും ലഭിക്കില്ല. അമരലോകമാണ് സത്യയുഗം. ഇതാണെങ്കിൽ മൃത്യുലോകമാണ്. അതിനാൽ അച്ഛന്റെ പരിചയം ലഭിക്കുമ്പോൾ അവർക്ക് മനസ്സിലാകും, അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കും അതിനെയാണ് ദൈവീക സ്വരാജ്യം എന്നു പറയുന്നത്. അത് അച്ഛൻ തന്നെയാണ് നൽകുന്നത്. ബാബയെത്തന്നെയാണ് പതീതപാവനൻ എന്നു പാടുന്നത്. ബാബ പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും. പതിതത്തിൽ നിന്നും പാവനമായി മാറി പാവനലോകത്തിലേയ്ക്ക് പോകാൻ യോഗ്യരായി മാറാൻ കഴിയും. കല്പ കല്പം ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കു. ഓർമ്മയുടെ യാത്രയിലൂടെ തന്നെയാണ് പവിത്രമായി മാറേണ്ടത്. ഇപ്പോൾ പാവനലോകം വരുകയാണ്. പതിതലോകത്തിന്റെ വിനാശമുണ്ടാകണം. ആദ്യമാദ്യം അച്ഛന്റെ പരിചയം നൽകി പക്കയാക്കണം. എപ്പോൾ പക്കയായി അച്ഛനെ മനസ്സിലാക്കുന്നുവോ അപ്പോഴാണ് അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുക. ഇതിൽ മായ വളരെയധികം മറപ്പിക്കും. നിങ്ങൾ ബാബയെ ഓർമ്മിക്കാൻ പരിശ്രമിക്കും പിന്നീട് മറന്നുപോകും. ശിവബാബയെ ഓർമ്മിച്ചാലേ പാപം ഇല്ലാതാകൂ. ആ ബാബ ഇവരിലൂടെ പറയുകയാണ് കുട്ടികളേ എന്നെ ഓർമ്മിക്കു. എന്നിട്ടും ജോലിത്തിരക്കിൽ മറന്നുപോകുന്നു. ഇത് മറക്കരുത്. ഇതാണ് പരിശ്രമം ആവശ്യമുള്ള കാര്യം. അച്ഛനെ ഓർമ്മിച്ച് ഓർമ്മിച്ച് കർമ്മാതീത അവസ്ഥയിലെത്തിച്ചേരണം. കർമ്മാതീത അവസ്ഥയിലുള്ളവരേയാണ് മാലാഖകൾ എന്നു പറയുന്നത്. അതിനാൽ എങ്ങനെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാം എന്ന് ചിന്തിക്കണം. പക്കാ നിശ്ചയം വേണം ഞാൻ സഹോദങ്ങൾക്ക് (ആത്മാക്കൾക്ക്) മനസ്സിലാക്കിക്കൊടുക്കുകയാണ്. എല്ലാവർക്കും അച്ഛന്റെ സന്ദേശം നൽകണം. ചിലർ പറയുന്നു ബാബയുടെ അടുത്തുപോകാം, സാക്ഷാത്ക്കാരം കാണാം. പക്ഷേ ഇതിൽ സാക്ഷാത്ക്കാരത്തിന്റെ കാര്യമേയില്ല. ഭഗവാൻ വന്ന് പഠിപ്പിക്കുകയാണ് പിന്നെ മുഖത്തിലൂടെ പറയുന്നു നിരാകാരത്തിലുള്ള അച്ഛനായ എന്നെ ഓർമ്മിക്കു. ഓർമ്മിക്കുന്നതിലൂടെ എല്ലാപാപവും ഇല്ലാതാകും. എവിടെയാണെങ്കിലും ജോലിയിൽ ഇരിക്കുമ്പോൾ ഇടയ്ക്കിടയ്ക്ക് അച്ഛനെ ഓർമ്മിക്കണം. അച്ഛൻ ആജ്ഞ നൽകിയിരിക്കുകയാണ് എന്നെ ഓർമ്മിക്കു. നിരന്തരം ഓർമ്മിക്കുന്നവരാണ് വിജയിക്കുക. ഓർമ്മിക്കുന്നില്ലെങ്കിൽ മാർക്ക് കുറയും. ഈ പഠിപ്പ് മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനുള്ളതാണ്, ഇത് പഠിപ്പിക്കുന്നത് ഒരേഒരു അച്ഛനാണ്. നിങ്ങൾക്ക് ചക്രവർത്തീ രാജാവാകണം അതിനാൽ 84 ജന്മങ്ങളെ (ചക്രത്തെ)യും ഓർമ്മിക്കണം. കർമ്മാതീത അവസ്ഥയിലേയ്ക്ക് എത്തിച്ചേരുന്നതുവരെ പരിശ്രമിക്കണം. അത് അവസാനം സംഭവിക്കും. അന്ത്യം എപ്പോൾ വേണമെങ്കിലും ഉണ്ടാകാം അതിനാൽ നന്നായി പുരുഷാർത്ഥം ചെയ്യണം. ദിവസവും നിങ്ങളുടെ പുരുഷാർത്ഥം നടന്നുകൊണ്ടിരിക്കണം. ലൗകിക അച്ഛൻ ഇങ്ങനെ പറയില്ല ദേഹത്തിന്റെ മുഴുവൻ സംബന്ധത്തേയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു. ശരീരത്തിന്റെ ബോധം ഉപേക്ഷിച്ച് എന്നെ ഓർമ്മിച്ചാൽ പാപം വിനാശമാകും. ഇത് പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് പറയുന്നത് കുട്ടികളേ എന്നെ മാത്രം ഓർമ്മിക്കു എങ്കിൽ മുഴുവൻ പാപവും ഇല്ലാതാകും. നിങ്ങൾ സതോപ്രധാനമായിത്തീരും. ഈ ജോലി വളരെ സന്തോഷത്തോടെ ചെയ്യേണ്ടേ. ഭോജനം കഴിക്കുമ്പോഴും അച്ഛനെ ഓർമ്മിക്കണം. ഓർമ്മയിൽ ഇരിക്കുന്നതിനുള്ള നിങ്ങൾ കുട്ടികളുടെ ഗുപ്തമായ അഭ്യാസം നടന്നുകൊണ്ടിരുന്നാൽ വളരെ നല്ലത്. ഇതിലൂടെ നിങ്ങളുടെ മംഗളം തന്നെയാണ് ഉണ്ടാകുന്നത്. സ്വയം നോക്കണം എത്ര സമയം ബാബയെ ഓർമ്മിക്കുന്നുണ്ട്? ശരി! മധുര മധുരമായ കളഞ്ഞുപോയി തിരികെക്കിട്ടിയ കുട്ടികൾക്ക് സ്നേഹസ്മരണകളും ശുഭരാത്രിയും. ഓം ശാന്തി.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) മനുഷ്യരെ വജ്രതുല്യമാക്കി മാറ്റുന്നതിനുള്ള ആത്മീയ സേവനം ചെയ്യണം. ഒരിയ്ക്കലും സംശയബുദ്ധിയായി മാറി പഠിപ്പ് ഉപേക്ഷിക്കരുത്. ട്രസ്റ്റിയായിരിക്കണം.

2) ശരീരനിർവ്വഹണാർത്ഥം കർമ്മങ്ങൾ ചെയ്തുകൊണ്ടും അച്ഛനെ ഓർമ്മിക്കണം. ശ്രീമതത്തിൽ തന്റെ മംഗളം അടങ്ങിയിട്ടുണ്ട് എന്ന് മനസ്സിലാക്കി മുന്നോട്ടുപോകണം. തന്റെ മതപ്രകാരം നടക്കരുത്.

## വരദാനം:- മനസ്സിന്റെയും വാക്കിന്റെയും ശക്തിയെ യഥാർത്ഥവും സമർത്ഥവുമായ രൂപത്തോടെ കാര്യത്തിൽ ഉപയോഗിക്കുന്ന തീവ്ര പുരുഷാർത്ഥിയായി ഭവിക്കൂ

തീവ്ര പുരുഷാർത്ഥീ അർത്ഥം ഫസ്റ്റ് ഡിവിഷനിൽ വരുന്ന കുട്ടികൾ സങ്കൽപ ശക്തിയെയും വാണീ ശക്തിയെയും യഥാർത്ഥവും സമർത്ഥവുമായ രീതിയിൽ കാര്യത്തിൽ ഉപയോഗിക്കുന്നു. അവർ ഇതിൽ അശ്രദ്ധരായിരിക്കില്ല. അവർക്ക് ഈ സ്ലോഗൻ എപ്പോഴും ഓർമ്മയുണ്ടായിരിക്കും കുറച്ച് സംസാരിക്കൂ, പതുക്കെ സംസാരിക്കൂ, മധുരമായി സംസാരിക്കൂ. അവരുടെ ഓരോ വാക്കും യോഗയുക്തവും യുക്തി യുക്തവുമായിരിക്കും. അവർ ആവശ്യമായത് മാത്രമേ സംസാരിക്കൂ, വ്യർത്ഥമായ സംസാരം, വിസ്താര ത്തിലുള്ള സംസാരം നടത്തി തന്റെ ഊർജ്ജത്തെ സമാപ്തമാക്കില്ല. അവർ സദാ ഏകാന്തപ്രിയരായിരി ക്കും.

## സ്ലോഗൻ:- സമ്പൂർണ്ണ നഷ്ടോമോഹ അവരാണ് ആരാണോ എന്റേതെന്ന അധികാര ത്തിന്റെ പോലും ത്യാഗം ചെയ്യുന്നത്.

**മാതേശ്വരിജിയുടെ മധുര മഹാവാക്യം:**

**"മനസ്സിന്റെ അശാന്തിയുടെ കാരണമാണ് കർമ്മബന്ധനം ശാന്തിയുടെ ആധാരമാണ് കർമ്മാതീതം"**

എനിക്ക് മനസ്സിന് ശാന്തി ലഭിക്കണം, വാസ്തവത്തിൽ ഓരോ മനുഷ്യനും ഈ ആഗ്രഹം അവശ്യം ഉണ്ട് അതുകൊണ്ടാണ് അനേക പ്രയത്നങ്ങൾ ചെയ്ത് വന്നത് എന്നാൽ മനസ്സിന്റെ ശാന്തി ഇപ്പോൾ വരെയ്ക്കും പ്രാപ്തമായിട്ടില്ല, ഇതിന്റെ കാരണം എന്താണ്? മനസ്സിന്റെ അശാന്തിയുടെ ആദ്യത്തെ വേര് എന്താണ്? ഇപ്പോൾ ആദ്യം ഇത് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. മനസ്സിന്റെ അശാന്തിയുടെ മുഖ്യകാരണമാണ് - കർമ്മബന്ധനത്തിൽ കുടുങ്ങുക. ഏതുവരെ മനുഷ്യൻ ഈ അഞ്ച് വികാരങ്ങളുടെ കർമ്മബന്ധനത്തിൽ നിന്ന് മുക്തമാകുന്നില്ലയോ അതുവരെ മനുഷ്യന് അശാന്തിയിൽ നിന്നും മുക്തമാകാൻ സാധിക്കില്ല. എപ്പോഴാണോ കർമ്മബന്ധനം മുറിയുന്നത് അപ്പോഴാണ് മനസ്സിന്റെ ശാന്തി അർത്ഥം ജീവൻമുക്തിയെ പ്രാപ്തമാക്കാൻ സാധിക്കുന്നത്. അപ്പോൾ ചിന്തിക്കണം - ഈ കർമ്മബന്ധനം മുറിക്കുന്നത് എങ്ങനെയാണ്? അതിൽ നിന്ന് മോചനം നൽകുന്നത് ആരാണ്? ഏതൊരു മനുഷ്യാത്മാവിനും മറ്റൊരു മനുഷ്യാത്മാവിന് മുക്തിനൽകാൻ സാധിക്കില്ല ഇതുനമുക്കറിയാം. ഈ കർമ്മബന്ധനം ഭേധിക്കുന്നത് ഒരേഒരു പരമാത്മാവാണ്, ആ പരമാത്മാവ് വന്നാണ് ഈ ജ്ഞാന യോഗബലത്തിലൂടെ കർമ്മബന്ധനത്തിൽ നിന്ന് മോചിപ്പിക്കുന്നത് അതുകൊണ്ടാണ് പരമാത്മാവിനെ സുഖദാതാവെന്ന് പറയുന്നത്. ഏതുവരെ ആദ്യം ഈ ജ്ഞാനമില്ലയോ ഞാൻ ആത്മാവാണ്, യഥാർത്ഥത്തിൽ ഞാൻ ആരുടെ സന്താനമാണ്, എന്റെ യഥാർത്ഥ ഗുണം എന്താണ്? എപ്പോൾ ഇത് ബുദ്ധിയിലേക്ക് വരുന്നോ അപ്പോൾ മാത്രമാണ് കർമ്മബന്ധനം മുറിയുന്നത്. ഇപ്പോൾ ഈ ജ്ഞാനം നമുക്ക് പരമാത്മാവിലൂടെ തന്നെയാണ് പ്രാപ്തമാകുന്നത് അർത്ഥം പരമാത്മാവിലൂട തന്നെയാണ് കർമ്മബന്ധനം മുറിയുന്നത്. ശരി. ഓം ശാന്തി.